# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2916** — **12.10.2011-ൽ മറുപടിക്ക്**

## തോട്ടങ്ങളിലെ ഉൽപ്പാദനക്ഷമതയും തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ. സി.മമ്മൂട്ടി<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി. | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) കൃഷി വകുപ്പിന്റെ കീഴിലെ തോട്ടങ്ങളിലെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും വിഭവങ്ങളുടെ വൈവിദ്ധ്യവത്ക്കരണത്തിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | എ) കൃഷി വകുപ്പിൻെറ കീഴിലെ തോട്ടങ്ങളിലെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും വിഭവങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിനുമായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. നടീൽ വസ്തുക്കളുടെ ശാസ്ത്രീയമായ ഉൽപ്പാദനത്തിനും, നിലവിലുള്ള വിളകളുടെ പരിപാലനത്തിനുമായി ആവശ്യമായ ഉല്പാദനോപാധികൾ ലഭ്യമാക്കുക.<br>2. ഫാമുകളിൽ ഗ്രീൻഹൗസ്, ടിഷ്യുകൾച്ചർ ഹാർഡനിംഗ് യൂണിറ്റ്, ഡ്രിപ്പ്/സ്പ്രിംഗ്ളർ ഇറിഗേഷൻ, വിത്തു സംസ്ക്കരണ കേന്ദ്രങ്ങൾ, വിത്തു ശേഖരിക്കുന്നതിനുള്ള സൗകര്യങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നു.<br>3. ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും അത്യുൽപ്പാദനശേഷിയുള്ള പുതിയ ഇനം നടീൽ വസ്തുക്കൾ വാങ്ങി ഫാമുകളിൽ വർദ്ധനവ് നടത്തി കർഷകർക്ക് വിതരണം ചെയ്യുന്നു.<br>4. നിലവിലെ സാദ്ധ്യതകൾ മുന്നിൽ കണ്ട് ഔഷധസസ്യകൃഷി ഫാമുകളിൽ ചെയ്യുകയും അവയുടെ പ്രദർശനതോട്ടം ഒരുക്കുകയും ചെയ്യുന്നു.<br>5. വിവിധ ഫാമുകളിൽ പഴസംസ്ക്കരണ യൂണിറ്റ്, ആധുനിക ശർക്കര നിർമ്മാണ യൂണിറ്റ്, കൂൺ കൃഷി, ടിഷ്യു കൾച്ചർ ലാബ് എന്നിവ പ്രവർത്തിപ്പിക്കുന്നു. |

| | |
|---|---|
| | 6. പ്രജനന തോട്ടങ്ങളുടേയും മാതൃ വൃക്ഷത്തോട്ടങ്ങളുടേയും വിസ്തൃതി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) ഫാമുകളിലെ തൊഴിലാളികളുടെ സേവനവേതന നിരക്കുകൾ പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വേതനം ഉല്പാദനവുമായി ബന്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) ഉണ്ട്.<br>നിലവിൽ വേതനം ഉൽപ്പാദനവുമായി ബന്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല. |
| (സി) കൃഷി വകുപ്പിന്റെ കീഴിൽ ഏതെല്ലാം ഫാമുകളാണുള്ളത്; അവയുടെ വിസ്തൃതിയും തൊഴിലാളികളുടെ എണ്ണവും സംബന്ധിച്ച വിശദ വിവരം നൽകുമോ; | സി) കൃഷി വകുപ്പിൻെറ കീഴിൽ ആകെ 61 ഫാമുകളാണ് ഉള്ളത്. ഇവയിൽ 10 സ്പെഷ്യൽ ഫാമുകൾ ഒഴികെയുള്ള 10 ജില്ലാ കൃഷിത്തോട്ടങ്ങളും 33 വിത്തുൽപ്പാദന കേന്ദ്രങ്ങളും 8 കോക്കനട്ട് നഴ്സറികളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. ഫാമുകളുടെ വിസ്തൃതിയും തൊഴിലാളികളുടെ എണ്ണവും അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ഡി) ഇവയിൽ ആദായകരമല്ലാത്ത തോട്ടങ്ങളുണ്ടോ; എങ്കിൽ അവ ഏതെല്ലാം; | ഡി) കൃഷി വകുപ്പിൻെറ 61 ഫാമുകളിൽ 8 കോക്കനട്ട് നഴ്സറികൾ ഒഴികെയുള്ള 53 ഫാമുകളും ആദായകരമല്ലാത്തവയാണ്. |
| (ഇ) ആദായകരമല്ലാത്തവയെ പുനരുദ്ധരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ ? | ഇ) ആദായകരമല്ലാത്ത കൃഷിത്തോട്ടങ്ങളെ പുനരുദ്ധരിക്കുന്നതിന് കൃഷി വകുപ്പിൻെറ വിവിധ പദ്ധതികൾ കൂടാതെ ആർ.കെ.വി.വൈ., ആർ.ഐ.ഡി.എഫ്., സ്റ്റേറ്റ് ഹോർട്ടി കൾച്ചർ മിഷൻ, തദ്ദേശ സ്വയം ഭരണ സ്ഥാപങ്ങൾ എന്നിവയുടെ സഹായത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൃഷി വകുപ്പിൻെറ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള 10 സ്പെഷ്യൽ ഫാമുകളുടെ വിവിധ പ്രവർത്തനങ്ങൾക്കായി 2010-2011 വർഷത്തിൽ 225 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അടിയന്തിര സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ഫാമുകളുടെ പ്രവർത്തനങ്ങൾക്കായി ഈ തുകയിൽ നിന്നും ചെലവഴിക്കാറുണ്ട്. |

R.R. Bdige

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.